Page 1 of 3

KFC വായ്പാ ആസ്തി അടുത്ത വർഷംകൊണ്ട് 10,000 കോടി രൂപയായി ഉയർത്താനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. ജനങ്ങൾക്ക് മികവുറ്റ സേവനങ്ങൾ ലഭ്യമാക്കുന്നതിന് സാങ്കേതിക വിദ്യയിലൂന്നിയ മാറ്റങ്ങൾ ഈ സാമ്പത്തിക വർഷം നടപ്പിലാക്കുന്നതാണ്.

(ബി) ബാങ്ക് ലോണുകൾ നൽകുന്നതിലെ കാലതാമസം, കേന്ദ്ര തൊഴിൽദാന പദ്ധതികളിൽ ബാങ്ക് ഗ്യാരന്റി ഒഴിവാക്കിയിട്ടും ആയത് നൽകാത്തത്, വിവിധ സേവനങ്ങൾക്ക് അമിത ചാർജ്ജ്, ഹിഡൻ ചാർജ്ജ് എന്നിവ ഈടാക്കുന്നത് തുടങ്ങിയവ ഒഴിവാക്കുന്നതിന് ബാങ്കേഴ്സ് സമിതിക്ക് നിർദ്ദേശം നൽകുമോയെന്ന് വ്യക്തമാക്കുമോ?

ബാങ്കുകൾ ഇടപാടുകാരിൽനിന്നും ഓരോ സേവനങ്ങൾക്കും ഈടാക്കുന്ന ചാർജ്ജുകൾ സംബന്ധിച്ച വിവരം, അതിൽവരുന്ന മാറ്റങ്ങൾ എന്നിവ യഥാസമയം ഉപഭോക്താക്കളെ അറിയിക്കുന്നതിനായി നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നതോടൊപ്പംതന്നെ അതാത് ബാങ്കുകളുടെ വെബ്സൈറ്റിലും പ്രസിദ്ധീകരിക്കുന്നുണ്ട്. മുൻഗണനാ വായ്പകൾ അനുവദിക്കുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടുണ്ട്. ബാങ്ക്ലോൺ അനുവദിക്കുന്നതിലുള്ള കാലതാമസം, അമിത ചാർജ്ജ് ഈടാക്കൽ എന്നിവ സംബന്ധിച്ച പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുന്നപക്ഷം ആയത് സംസ്ഥാനതല ബാങ്കേഴ്സ് സമിതി (SLBC) വഴി യഥാസമയം പരിഹരിക്കുന്നതിന് നടപടി കൈക്കൊള്ളാറുണ്ട്.

കയർ മേഖലയുടെ പുനരുദ്ധാരണം

29 (*59) ശ്രീ. പി. പി. സുമോദ്:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും നിയമവും വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) കയർ വ്യവസായ മേഖലയുടെ പുനരുദ്ധാരണത്തിനായി നൂതന പദ്ധതികൾ ആവിഷ്കരിക്കാനുദ്ദേശിക്കുന്നുണ്ടോ?

ഉണ്ട്. കയർ വ്യവസായ മേഖലയുടെ പുനരുദ്ധാരണത്തിനുവേണ്ടി ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന നൂതന പദ്ധതിയാണ് 'കയർ രണ്ടാം പുനഃസംഘടന'. 13-ാം പഞ്ചവൽസര പദ്ധതിക്കാലത്ത് ആരംഭിച്ച ഈ പുനഃസംഘടനാ പദ്ധതി 2021-22 വർഷത്തിൽ പൂർത്തിയാകുന്നതാണ്. ചകിരി

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക, പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ച് സമ്പൂർണ്ണ യന്ത്രവത്കരണം നടപ്പാക്കുക, കയർ ജിയോ ടെക്സ്റ്റൈൽസിന്റെ ഉപയോഗം വർദ്ധിപ്പിക്കുക, ഉത്പന്നരംഗത്ത് വൈവിദ്ധ്യവത്കരണവും നൂതന മാർക്കറ്റിംഗ് സംവിധാനങ്ങളും ഏർപ്പെടുത്തുക എന്നിവയാണ് ഇതിന്റെ പ്രധാന ഘടകങ്ങൾ. കയർ സഹകരണ മേഖലയുടെ കാര്യക്ഷമമായ പുനഃസംഘടന ഇതുവഴി കൈവരിക്കാനാകുമെന്ന് കരുതുന്നു.

(ബി) കയർ ഉത്പാദനത്തിലും സംഭരണത്തിലും കഴിഞ്ഞ സർക്കാർ കൈവരിച്ച നേട്ടം ആവർത്തിക്കാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

സംസ്ഥാനത്തെ കയർ വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിന് കഴിഞ്ഞ സർക്കാർ നടപ്പിലാക്കിയ രണ്ടാം കയർ പുനഃസംഘടനാ പദ്ധതി തുടർന്നുവരികയാണ്. കയർ സഹകരണസംഘങ്ങളിൽ യന്ത്രവത്കരണത്തിന്റെ ഭാഗമായി 23000 എണ്ണം ഇലക്ട്രോണിക് റാട്ടുകൾ നൽകിക്കഴിഞ്ഞു. കൂടാതെ 10, 20 ക്രമത്തിൽ ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിച്ച് സഹകരണസംഘങ്ങളെ ഫാക്ടറി ടൈപ്പ് സംഘങ്ങളാക്കി നവീകരിക്കുന്ന നടപടികളും ആരംഭിച്ചിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ 100 സംഘങ്ങളിലായി 1000 ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ഇനി 100 സംഘങ്ങളിൽക്കൂടി 1000 ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിക്കുന്നതിനും ലക്ഷ്യമിട്ടിട്ടുണ്ട്. ഉത്പാദിപ്പിച്ച കയറിന് വിപണി കണ്ടെത്തുന്നതിനായി മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ചേർന്ന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ മണ്ണ്-ജല സംരക്ഷണ പദ്ധതിക്കും, റോഡ് നിർമ്മാണത്തിനും കയർഭൂവസ്ത്ര പദ്ധതി നടപ്പിലാക്കിവരുന്നു. ഇതുവരെ 100 കോടി രൂപയുടെ കയർഭൂവസ്ത്ര പദ്ധതി നടപ്പാക്കിയിട്ടുണ്ട്. 2020-21 വെർച്വൽ കയർ കേരള അന്താരാഷ്ട്ര മേളയിൽ 120 കോടി രൂപയുടെ കയർഭൂവസ്ത്ര ധാരണാപത്രം തദ്ദേശഭരണ സ്ഥാപനങ്ങളുമായി ഒപ്പുവച്ചിട്ടുണ്ട്. കേരളത്തിലെ കയർത്തൊഴിലാളികൾ ഉത്പാദിപ്പിക്കുന്ന കയർ സംഭരിച്ച് മാർക്കറ്റ് വിലയ്ക്കാനുപാതികമായി പ്രൈസ് ഫ്ളക്ചേഷൻ ഫണ്ട് സ്കീമിൽ ഉൾപ്പെടുത്തി ഡിസ്കൗണ്ടുകൾ നൽകി മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങൾക്കും ചെറുകിട ഉത്പാദകർക്കും കയർഫെഡ് വില്പന നടത്തിവരുന്നു. അതുവഴി സംഘങ്ങൾ ഉത്പാദിപ്പിക്കുന്ന കയറിന് പൂർണ്ണമായും വിപണി കണ്ടെത്തുന്നതിനും കയർ സഹകരണ സംഘങ്ങളിലെ പരമ്പരാഗത തൊഴിലാളികൾക്ക് തൊഴിലും വേതനവും ഉറപ്പാക്കുന്നതിനും സാധിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) കയർ വ്യവസായത്തിനാവശ്യമായ ചകിരിയുടെ ലഭ്യത ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

13-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് 500 ചകിരി മില്ലുകൾ സ്ഥാപിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടിയുള്ള പ്രവർത്തനങ്ങൾ മുന്നോട്ടുപോകുകയാണ്. സംസ്ഥാനത്ത് ഇതിനോടകംതന്നെ 8000 മുതൽ 80000 തൊണ്ടുവരെ പ്രതിദിനം ചകിരിയാക്കാൻ കഴിയുന്ന 130 ഡീ-ഫൈബറിംഗ് മില്ലുകൾ സ്ഥാപിച്ചുകഴിഞ്ഞു. 27 ഡീ-ഫൈബറിംഗ് മില്ലുകളുടെ നിർമ്മാണം വിവിധഘട്ടങ്ങളിൽ പുരോഗമിക്കുന്നു. സ്വകാര്യ സംരംഭകരും സർവ്വീസ് സഹകരണ ബാങ്കുകളും 80 പുതിയ ഡീ-ഫൈബറിംഗ് മില്ലുകൾ ആരംഭിക്കുന്നതിനുള്ള ധാരണാപത്രം കയർ കേരള 2019 അന്താരാഷ്ട്ര മേളയിൽ ഒപ്പുവയ്ക്കുകയും തുടർപ്രവർത്തനങ്ങൾ നടന്നുവരികയുമാണ്. ഇതുവഴി ചകിരി ഉത്പാദനം 5600 ടൺ ആയി വർദ്ധിപ്പിക്കാൻ കഴിയും. സംഘങ്ങൾക്കാവശ്യമായ ചകിരി ലഭ്യമാക്കുന്നതിന് കയർഫെഡ് ഇ-ടെണ്ടർ വഴി പ്രൈസ് ഡിസ്കവറി സിസ്റ്റം നടപ്പാക്കിയിട്ടുണ്ട്. നിശ്ചയിച്ചിട്ടുള്ള ഗുണമേന്മ ഉറപ്പാക്കി വർഷം മുഴുവൻ വില വ്യത്യാസം കൂടാതെ സംഘങ്ങൾക്ക് ചകിരി ലഭ്യമാക്കുന്നതിന് ഇതുവഴി സാധിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ആരംഭിച്ചിട്ടുള്ള ചകിരി മില്ലുകളിൽനിന്നും കയർഫെഡ് ചകിരി സംഭരിച്ച് 23 രൂപ നിരക്കിൽ സംഘങ്ങൾക്ക് നൽകിവരുന്നു. 2021-22 സാമ്പത്തിക വർഷത്തിൽ ചകിരി പൂർണ്ണമായും കയർഫെഡ് സംഭരിച്ച് നൽകണമെന്ന് സർക്കാർ ഉത്തരവായിട്ടുണ്ട്.

കെയർഹോം പദ്ധതി

30 (*60) ശ്രീ. എൻ. കെ. അക്ബർ:
ഡോ. കെ. ടി. ജലീൽ:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) പ്രളയാനന്തര കേരളത്തിന്റെ പുനർനിർമ്മാണത്തിനായി സഹകരണ സംഘങ്ങളെ കൂട്ടിയിണക്കി സഹകരണവകുപ്പ് കെയർഹോം പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രളയത്തിൽ വീട് നഷ്ടപ്പെട്ടവർക്കായി പ്രസ്തുത പദ്ധതി പ്രകാരം എത്ര വീടുകൾ നിർമ്മിച്ച് കൈമാറിയിട്ടുണ്ടെന്നറിയിക്കാമോ?